# പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 191.

10.12.2012 ന് മറുപടിയ്ക്ക്.

## വയനാട്ടിലെ കടുവശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.മമ്മൂട്ടി | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ)വയനാട് ജില്ലയിലെ വനപ്രദേശം കടുവാ സങ്കേതമാക്കാൻ ഉദ്ദേശമുണ്ടോ; വിശദമാക്കാമോ; | (എ) ഉദ്ദേശിക്കുന്നില്ല. |
| (ബി) കാട്ടിൽ നിന്നും നാട്ടിലിറങ്ങിയ കടുവയെ പിടികൂടി വീണ്ടും കാട്ടിൽ വിടുകയും, വീണ്ടും കടുവ നാട്ടിലിറങ്ങി നിരന്തരം വളർത്തു മൃഗങ്ങളെ വ്യാപകമായി കൊന്നൊടുക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ശാശ്വതമായ പരിഹാരം കാണാൻ എന്ത് നടപടി സ്വീകരിച്ചു; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കടുവയെ മയക്കുവെടിവച്ച് പിടിക്കുന്നതിനുള്ള ശ്രമത്തിനിടയിൽ കൊല്ലപ്പെട്ടതിനാൽ അതുമൂലമുള്ള ആക്രമണം അവസാനിച്ചിരിക്കുകയാണ്. |
| (സി) കേന്ദ്ര സർക്കാർ വയനാട് ജില്ലയെ കടുവാ സങ്കേതമാക്കുന്നതിന് ഉദ്ദേശിച്ച് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) വിവരാവകാശ നിയമ പ്രകാരം വനം വകുപ്പ് ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഇവിടം കടുവാ സങ്കേതമാക്കാൻ ഉദ്ദേശിക്കുന്നതായി മറുപടി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) അങ്ങനെ ഒരു മറുപടി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) കടുവയുടെ ശല്യം മൂലം ജനങ്ങളുടെ സ്വൈര ജീവിതം തകരാറിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രസ്തുത കടുവ ഇതിനകം കൊല്ലപ്പെട്ടതിനാൽ അനന്തര നടപടി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ.